Email – 11/12/20

അഡീഷണൽ എക്സൈസ് കമ്മീഷണറുടെ കാര്യാലയം
(എൻഫോഴ്സ്മെന്റ്), നന്ദാവനം, തിരുവനന്തപുരം-33
Ph:04712322136 , e-mail: addlecenfo.exc@kerala.gov.in

നം.സി.എ./എ.ഡി.ഇ.സി.- 43/2020 തീയതി ; 11/12/2020

## സർക്കുലർ

വിഷയം : എക്സൈസ് എൻഫോഴ്സ്മെന്റ് - എക്സൈസ് മേജർ ചെക്ക്പോസ്റ്റിലെ ഡ്യൂട്ടി ക്രമീകരണം സംബന്ധിച്ച്

സൂചന : അഡീഷണൽ എക്സൈസ് കമ്മീഷണറുടെ 13.11.2020 ലെ CA/ADEC- 43/2020 നമ്പർ സർക്കുലർ.

2771
15/12/2020

സൂചന 1 പ്രകാരം കേരള സംസ്ഥാനത്തെ മേജർ ചെക്ക് പോസ്റ്റുകളായ മഞ്ചേശ്വരം, വാളയാർ, മുത്തങ്ങ, ആര്യങ്കാവ്, അമരവിള, കൂടാതെ കുമിളി ചെക്ക്പോസ്റ്റ് എന്നിവിടങ്ങളിൽ ഏകീകൃതമായ ഡ്യൂട്ടി ക്രമീകരണം നടപ്പിൽ വരുത്തിയിട്ടുള്ളതാണ്. എന്നാൽ വയനാട് ഡിവിഷനിലെ മുത്തങ്ങ ചെക്പോസ്റ്റിൽ മേൽ സർക്കുലർ പ്രകാരം ഡ്യൂട്ടി ക്രമീകരണം നടപ്പിൽ വരുത്തുവാൻ രാത്രി യാത്ര നിരോധനം നിലനിൽക്കുന്നതിനാൽ സാങ്കേതികമായി ബുദ്ധിമുട്ടുണ്ടെന്ന് കാണുന്നു. കർണാടക സർക്കാർ രാത്രികാല യാത്ര നിരോധനം ഏർപ്പെടുത്തിയതിനാൽ മുത്തങ്ങ ചെക്ക്പോസ്റ്റിനെ 13.11.2020 ലെ CA/ADEC-43/2020 നമ്പർ സർക്കുലറിലെ നിർദേശത്തിന്റെ പരിധിയിൽ നിന്നും ഇതിനാൽ ഒഴിവാക്കുന്നു. മുത്തങ്ങ ചെക്ക്പോസ്റ്റിൽ നിലവിൽ തുടർന്നുകൊണ്ടിരിക്കുന്ന ഡ്യൂട്ടി ക്രമീകരണം തുടരാവുന്നതാണ്.

ചെക്ക്പോസ്റ്റുകളിലെ ഡ്യൂട്ടി ക്രമീകരണം സംബന്ധിച്ച് ഉയർ നിർദേശങ്ങൾ അവലോകന കമ്മറ്റി പരിശോധിച്ചും മേൽ സർക്കുലർ പ്രകാരമുള്ള ഡ്യൂട്ടി ക്രമീകരണം ചെക്ക്പോസ്റ്റുകളിൽ ഡ്യൂട്ടി നോക്കുന്ന ഉദ്യോഗസ്ഥർക്ക് മാനസികമായും ശാരീരികമായും ബുദ്ധിമുട്ടുകൾ പരമാവധി ഒഴിവാക്കി, ഡ്യൂട്ടി നോക്കുന്ന ഉദ്യോഗസ്ഥർക്ക് 24 മണിക്കൂർ റസ്റ്റ് ലഭിക്കുന്ന വിധത്തിലാണെന്ന് കണ്ടു. ആയതിനാൽ മേൽ സർക്കുലർ പ്രകാരമുള്ള ഡ്യൂട്ടി ക്രമീകരണം മുത്തങ്ങ ഒഴികെയുള്ള മേജർ ചെക്ക് പോസ്റ്റുകളിലും കുമിളി ചെക്ക്പോസ്റ്റിലും തുടരേണ്ടതാണ്.

അഡീഷണൽ എക്സൈസ് കമ്മീഷണർ
(എൻഫോഴ്സ്മെന്റ്)

പകർപ്പ് :

1) എക്സൈസ് കമ്മീഷണറുടെ സി എ
2) വിജിലൻസ് ഓഫീസർ, എക്സൈസ്
3) ജോയിന്റ് എക്സൈസ് കമ്മീഷണർ (എല്ലാം)
4) ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ (തിരുവനന്തപുരം)

(PTO)